പറഞ്ഞു ഇതു എങ്ങനെ പുറത്തുവന്നു എന്നതിനെക്കുറിച്ചു അന്വേഷിക്കാം, നടപടികളും സ്വീകരിക്കാമെന്ന് ഈ സഭക്ക് ഉറപ്പുനൽകിയിട്ടുണ്ട്. അങ്ങനെ ഒരു സാഹചര്യംകൂടി ഉണ്ടെന്നുള്ള കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

മി. സ്പീക്കർ : പക്ഷെ അതു ഗവൺമെൻറ് പ്രസിദ്ധീകരിച്ചതല്ല. അല്ലാതെ വന്നു എന്നുള്ളതു് ഒരു ന്യായീകരണമല്ല.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഇതിൽ ഗവൺമെൻറിനു് ഒരു ബുദ്ധിമുട്ടുണ്ട്. അതു അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണു്. ഗവൺമെൻറിൻെറ ചില രേഖകളും, പത്രപ്രവർത്തകൻമാർ അവരുടെ സാമർത്ഥ്യംമൂലം ശേഖരിച്ചു് പുറത്തുപോകാൻ ഇടയാകുന്നുണ്ടു്. സർ, ഇതു സംബന്ധിച്ചു്, ഗവൺമെൻറിനു് ചില നടപടികളും സ്വീകരിക്കേണ്ടിവരും. അങ്ങനെ സ്വീകരിക്കുന്നതു് പത്രപ്രവർത്തന സ്വാതന്ത്ര്യത്തിനെതിരായിട്ടുള്ള നിഷിദ്ധമായ നടപടിയായിട്ടു് ആക്ഷേപമുണ്ടാകും. സർ, ഇതു ക്ഷമിച്ചിരിക്കുകയാണു്. ഇന്നു് ചെയറിൽനിന്നും ഇങ്ങനെ ഒരു അഭിപ്രായമുണ്ടായ സ്ഥിതിക്കു് ഗവൺമെൻറ് ഈ വക കാര്യങ്ങളും കർശനമായി, നടപടികളും—പത്ര സ്വാതന്ത്ര്യത്തിൻെറ ഭാഗമെന്തായാലും ശരി നടപടി സ്വീകരിക്കുന്നതാണു്.

ശ്രീ. ഇ. കെ. നായനാർ : സർ, ഇതു പത്രപ്രവർത്തന സ്വാതന്ത്ര്യത്തിൻെറ പ്രശ്നമല്ല. ഇതു പ്രൊപ്രൈറേറിയുടെ പ്രശ്നമാണു്. പത്രപ്രവർത്തനവുമായിട്ടു് ഒരു ബന്ധവും ഇതിനില്ല. ആ പ്രൊപ്രൈറേറി പാലിക്കുമോ ഇല്ലയോ എന്നുള്ളതാണു് പ്രശ്നം. അതിൽനിന്നും മുഖ്യമന്ത്രി രക്ഷപ്പെടുകയാണു്.

മി. സ്പീക്കർ : ഏതായാലും ചെയർ പറഞ്ഞുകഴിഞ്ഞു.

ശ്രീമതി കെ. ആർ. ഗൗരി : സർ, ആ റിപ്പോർട്ടു മേശപ്പുറത്തു വയ്ക്കണം. ഏതാണു് ശരിയെന്നു ഞങ്ങളും അറിയണ്ടേ ?

.....(ബഹളം) .....

Mr. Speaker : ഏതായാലും, It is a question of propriety എന്നു് ചെയർ പറഞ്ഞുകഴിഞ്ഞു.

IV. പ്രസ്താവന

തങ്കമണി സംഭവത്തെക്കുറിച്ചുള്ള മുഖ്യമന്ത്രിയുടെ പ്രസ്താവന

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, തങ്കമണിയിൽ വെടിവയ്പു് ഉണ്ടായതിനെത്തുടർന്നുണ്ടായ സംഭവങ്ങളെക്കുറിച്ചു് അന്വേഷിക്കാമെന്നു് ഞാൻ സഭയിൽ പറഞ്ഞിരുന്നു. കഴിഞ്ഞ ദിവസം ഇൻസ്പെക്ടർ ജനറൽ നേരിട്ടു പോയി അന്വേഷണം നടത്തി. പ്രാഥമികമായി ചില നടപടികളും പോലീസിൻെറ ഭാഗത്തുനിന്നുണ്ടായതു് തെറ്റാണെന്നു റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ മേലധികാരികളുടെ നിർദ്ദേശങ്ങൾക്കു വിപരീതമായി പ്രവർത്തിച്ചുവെന്നും, അതിനുപുറമെ പ്രതികളെ അറസ്റ്റു ചെയ്യുമ്പോൾ, അവരെ ബലമായി തടഞ്ഞ സ്ത്രീകളോടു് മര്യാദകേടായി പെരുമാറിയെന്നും വിശദമായി ഒരു പ്രൈമറി റിപ്പോർട്ടു തന്നിട്ടുണ്ട്. അതിൽ റെയ്പുണ്ടെന്നു

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞതു അടിസ്ഥാനരഹിതമാണ്. അതിലേക്കു ഞാൻ കടക്കുന്നില്ല. എന്തായാലും സർ, ഇതിനു ഉത്തരവാദികളായ ഒരു സർക്കിൾ ഇൻസ്പെക്ടറെയും രണ്ടു സബ് ഇൻസ്പെക്ടർമാരെയും ഒരു കോൺസ്റ്റബിളിനെയും സസ്പെൻഡ് ചെയ്തിട്ടുണ്ട്. ഇതിനകം മറ്റുള്ള ആളുകളെ സംബന്ധിച്ച പരേഡു നടത്തി. ഐഡിൻറിഫൈ ചെയ്ത അവരുടെ പേരിൽ നടപടി സ്വീകരിക്കുകയാണ്.....(ബഹളം).....
ഇതിനു പുറമെ.....

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്റ്റേറ്റ്മെൻറ് പൂർത്തിയാക്കട്ടെ.....(ബഹളം).....

ശ്രീ. കെ. കരുണാകരൻ : എന്താണ് ഇത്ര ക്ഷമകേട് ? ഇക്കാര്യത്തിൽ അവരുടെ പേരിൽ ക്രിമിനൽ കേസ് ചാർജ്ജ് ചെയ്തിട്ടുണ്ട്. ഇതിനു പുറമെ റവന്യൂബോർഡു മെമ്പറെക്കൊണ്ട് അതിൻെറ മറ്റു വശങ്ങളെക്കുറിച്ചും അന്വേഷിക്കും. ഇതിൽനിന്നും ഒരാളെപോലും രക്ഷപ്പെടാൻ അനുവദിക്കുകയില്ല. ഇത്തരം നീചമായ നടപടികൾ—മേലധികാരികളുടെ നിർദ്ദേശത്തിന് വിപരീതമായി പ്രവർത്തിക്കുന്ന സാഹചര്യം കേരളത്തിൽ അനുവദിക്കുകയില്ല എന്നു വളരെ വ്യക്തമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആരുടെയും നിർബന്ധം കൂടാതെ, ഈ ഗവൺമെൻറ് ഇത്തരം അഴിഞ്ഞാട്ടം ഒരു കാരണവശാലും അനുവദിക്കുകയില്ലായെന്നു ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

V റിപ്പോർട്ട് സമർപ്പണം

(1) 1986-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബില്ലിനെപ്പറ്റിയുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്.

(2) 1986-ലെ ഗാന്ധിജി സർവ്വകലാശാലാ (രണ്ടാം ഭേദഗതി) ബില്ലിനെപറ്റിയുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്.

(3) 1986-ലെ കേരള സ്വകാര്യവനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ബില്ലിനെപ്പറ്റിയുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്.

(4) കേരള വനം (ഭേദഗതി) ബിൽ, 1986-നെപ്പറ്റിയുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്.

(5) 1986-ലെ കേരള കമാൻഡ് ഏരിയാ വികസന ബില്ലിനെപ്പറ്റിയുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ,

1. 1986-ലെ സർവ്വകലാശാല, നിയമങ്ങൾ (ഭേദഗതി) ബില്ലിനെപ്പറ്റിയുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

2. 1986-ലെ ഗാന്ധിജി സർവ്വകലാശാല (രണ്ടാം ഭേദഗതി) ബില്ലിനെപ്പറ്റിയുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

വനം വകുപ്പുമന്ത്രി (ശ്രീ. കെ.പി. നൂറുദ്ദീൻ) : സർ, 1. 1986-ലെ കേരള സ്വകാര്യവനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ബില്ലിനെപ്പറ്റിയുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly